**C 31115** (Pages : 2) Name..................................

Reg. No..................................

# THIRD SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course

MAL 3A 03—MALAYALA SAHITHYAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകത്തിന്റെ കർത്താവാര് ?

2 ഓം പ്രകാശ് വാല്മീകിയുടെ ആത്മകഥയുടെ ശീർഷകമെന്ത് ?

3 'കുറുപ്പില്ലാക്കളരി' എന്ന പ്രഹസനം എഴുതിയതാര് ?

4 രാഷ്ട്രപതിയുടെ സ്വർണമെഡൽ നേടിയ ആദ്യ മലയാള ചലച്ചിത്രമേത് ?

5 അന്തർജനങ്ങളുടെ ദൈന്യം നിറഞ്ഞതും പരതന്ത്രവുമായ ജീവിതത്തെ മുൻനിർത്തി ലളിതാംബിക അന്തർജനം രചിച്ച നോവലേത് ?

6 'ദേശാടനത്തിന്റെ മിശിഹകൾ' എന്ന പുസ്തകത്തിന്റെ രചയിതാവാര് ?

7 'കള്ളൻ പവിത്രൻ' എന്ന ചലച്ചിത്രം സംവിധാനം ചെയ്തതാര് ?

8 'മാട്ട്' എന്ന അനുഭവക്കുറിപ്പിൽ ഏതു ചലച്ചിത്ര നടന്റെ പേരാണ് പരാമർശിച്ചിട്ടുള്ളത് ?

9 അമേരിക്കൻ ട്രാജഡി എന്ന നോവലിനു തിരക്കഥ തയ്യാറാക്കിയ റഷ്യൻ സംവിധായകൻ ആര് ?

10 മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതി ഏത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 വിചിത്രവേദാന്തം എന്ന് ശിഷ്യൻ വിശേഷിപ്പിച്ചത് എന്തിനെ ?

12 മുസഫർ അഹമ്മദിനും സുഹൃത്തുക്കൾക്കും അൽജൗഫിലെ സക്കാക്കയിൽവച്ച് മർദ്ദനമേൽക്കാൻ കാരണമെന്ത് ?

13 സംവിധായകനായ ബർഗ്മാനെ മഹാകവിയാക്കുന്ന ചലച്ചിത്രരംഗം ഏതാണ് ?

14 'ഇതിയാൻ വിചാരിച്ചാലാണോ കാശിനു പഞ്ഞം ?'—ആരെക്കുറിച്ചാണ് ഈ പരാമർശം ? വക്താവാര് ?

15 അന്തർജനങ്ങൾക്ക് തുണപോകുന്ന സ്ത്രീകളുടെ കർത്തവ്യമെന്ത് ?

(5 × 2 = 10 marks)

Turn over

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 കുഞ്ഞിക്കോരനും കുഞ്ഞിക്കിളിയനും തമ്മിൽ ശണ്ഠ കൂടിയത് എന്തിനായിരുന്നു ?

17 സി.എൻ. ശ്രീകണ്ഠൻ നായർ മലയാള നാടകത്തിനു നൽകിയ സംഭാവനയെന്ത് ?

18 അപരിചിത ഗ്രാമത്തിലേക്കുള്ള ഫയൽവാന്റെ ആദ്യവരവ് എങ്ങനെയായിരുന്നു ?

19 'മരണം ഒരു ഫലിതമാണ്. പ്രത്യേകിച്ചും അവനവന്റെ മരണം'—സന്ദർഭവും ആശയവും വിശദമാക്കുക.

20 കുടിവെപ്പ് ചടങ്ങിനെക്കുറിച്ച് ദേവകി നിലയങ്ങോടിന്റെ അഭിപ്രായമെന്ത് ?

21 നേപ്പാളി തൊഴിലാളിയുടെ ദാരുണമരണത്തെ 'മരുഭൂമിയുടെ ആത്മകഥ'യിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

22 കണ്ടൽക്കാടുകൾ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെ ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 സംഭാഷണം, ക്രിയാംശം, ഇതിവൃത്തം തുടങ്ങിയ ഘടകങ്ങളിൽ നാടകം പുലർത്തുന്ന സവിശേഷതകളെക്കുറിച്ചുള്ള പ്രൊഫ. എം.കെ. സാനുവിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

24 കേരളത്തിൽ നിലവിലിരുന്ന പുരുഷാധിപത്യപരമായ ആചാരങ്ങളുടെയും ലിംഗവിവേചനപരമായ സമീപനത്തിന്റെയും സത്യസന്ധമായ തുറന്നു പറച്ചിലാണ് ദേവകി നിലയങ്ങോടിന്റെ ആത്മകഥാ രചനകൾ—പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

25 പരമ്പരാഗത രീതിയിൽനിന്നു വ്യതിചലിച്ചെഴുതിയ പരീക്ഷണ നാടകമാണ് സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27'—പരിശോധിക്കുക.

26 മരുഭൂമിയുടെ ആത്മകഥയിലെ ശ്രദ്ധേയമായ അനുഭവ വിവരണങ്ങളുടെ വായനാനുഭവം തയ്യാറാക്കുക.

27 കെട്ടുറപ്പും പ്രമേയഗൗരവവുമുള്ള തിരക്കഥയിൽനിന്നേ കലാമേന്മയും ദൃശ്യഭംഗിയുമുള്ള ചലച്ചിത്രം പിറവിയെടുക്കുകയുള്ളൂ—ഒരിടത്തൊരു ഫയൽവാനെ ആസ്പദമാക്കി ചർച്ച ചെയ്യുക.

28 അപൂർവ്വതകൾ നിറഞ്ഞ ഒരു ജീവിതത്തിന്റെ ഉടമയായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് —ജീവചരിത്രക്കുറിപ്പിനെ ആധാരമാക്കി വിലയിരുത്തുക.

(4 × 10 = 40 marks)